**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3325** **11-03-2025 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയുള്ള ഗസ്റ്റ് അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 56 വയസ്സ് എന്നുള്ളത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഗസ്റ്റ് അധ്യാപക നിയമനങ്ങൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കാമോ; പ്രായപരിധി 56 വയസ്സ് ആക്കിയിട്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകൾ അവർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രായം, യോഗ്യതകൾ അനുസരിച്ചും നിലവിലുള്ള സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയുമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. 20/10/2023 തീയതിയിലെ നം. ജെ.എ2/134/2023-പൊ.വി.വ സർക്കുലർ പ്രകാരം ഹയർ സെക്കൻഡറിയിലെ ഗസ്റ്റ് അധ്യാപക നിയമന പ്രായ പരിധി നിശ്ചയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഗവൺമെന്റ് ഉത്തരവ് ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഗസ്റ്റ് അധ്യാപക നിയമനങ്ങളുടെ ഉയർന്ന പ്രായപരിധി 56 വയസ്സ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകൾ അവർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രായം, യോഗ്യതകൾ അനുസരിച്ചും നിലവിലുള്ള സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയുമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത് എന്നതിനാൽ ആയത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് തൊഴിൽ വകുപ്പ് പുറപ്പെടുവിക്കേണ്ട കാര്യമില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം.ജെ എ 2/134/2023-പൊ.വി.വ
പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി: 20-10-2023

<u>സർക്കുലർ</u>

വിഷയം:- പൊതു വിദ്യാഭ്യാസം - ഹയർ സെക്കൻഡറിയിൽ ഗസ്റ്റ് അധ്യാപക നിയമനം നടത്തുമ്പോൾ യോഗ്യരായ അധ്യാപകർക്ക് മുൻഗണന അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25/05/2023 ലെ എച്.എസ്.ഇ/2999/2023-എസിഡി സി 5 നമ്പർ കത്ത്

ഹയർ സെക്കണ്ടറി അധ്യാപക നിയമനത്തിൽ നേരിട്ടുള്ള നിയമനത്തിന്റെ പ്രായപരിധി പ്രതിപാദിച്ചിട്ടുള്ളത് കെ.ഇ.ആർ അധ്യായം XXXII ചട്ടം 8 ലാണ്. എന്നാൽ നിലവിൽ ഗസ്റ്റ് അധ്യാപക നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരം ഉള്ള പ്രായപരിധി കഴിഞ്ഞവരും, റിട്ടയേർഡ് അധ്യാപകരും ഉൾപ്പെട്ടിട്ടുള്ളതായും സ്പെഷ്യൽ റൂൾ പ്രകാരം ഉള്ള പ്രായപരിധിക്കുള്ളിലെ ഗസ്റ്റ് അധ്യാപകരെ ലഭിക്കാത്തതിനാൽ പഠിപ്പിക്കുവാൻ അധ്യാപകരില്ലാത്ത അവസ്ഥ ഉള്ളതായും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ഹയർ സെക്കണ്ടറി വിദ്യാർഥികളുടെ പഠനം തടസ്സപ്പെടാതിരിക്കുന്നതിനായി ഗസ്റ്റ് അധ്യാപക നിയമനം നടത്തുമ്പോൾ യോഗ്യരായ അധ്യാപകർക്ക് ചുവടെപ്പറയുന്ന പ്രകാരം മുൻഗണന അനുവദിച്ച് ഉത്തരവാകുന്നു:-

i) അതാത് മാനേജ്മെന്റുകളിൽ, അതാത് വിഷയങ്ങളിൽ കുറഞ്ഞത് ഒരു അധ്യയന വർഷത്തെ ഹയർ സെക്കന്ററി അധ്യാപക പരിചയവും, KER Chapter XXXII Rule 8 പ്രകാരമുള്ള പ്രായപരിധിക്കുള്ളിലും ഉള്ള അധ്യാപകർ

ii) KER Chapter XXXII Rule 8 പ്രകാരമുള്ള പ്രായപരിധിക്കുള്ളിൽ ഉള്ള അധ്യാപകർ

iii) അതാത് മാനേജ്മെന്റുകളിൽ, അതാത് വിഷയങ്ങളിൽ കുറഞ്ഞത് ഒരു അധ്യയന വർഷത്തെ ഹയർ സെക്കന്ററി അധ്യാപക പരിചയവും, KER Chapter XXXII Rule 8 പ്രകാരമുള്ള പ്രായപരിധി കഴിഞ്ഞതും എന്നാൽ 56 വയസ്സ് കഴിയാത്തവരുമായ അധ്യാപകർ

iv) KER Chapter XXXII Rule 8 പ്രകാരമുള്ള പ്രായപരിധി കഴിഞ്ഞതും എന്നാൽ 56 വയസ്സ് കഴിയാത്തവരുമായ അധ്യാപകർ.

ഉത്തരവിൻ പ്രകാരം

Signed by
N.k. Sheena
Date: 21-10-2023 10:52:43
സെക്ഷൻ ഓഫീസർ

മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം



Generated from eOffice by VISHNU V, ACD C5 DHSE, ACD C5 DHSE, DHSE on 25/11/2023 12:05 PM

Kavitha
സെക്ഷൻ ഓഫീസർ